ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. ശ്യാമ സുന്ദരൻ നായർ അദ്ധ്യക്ഷനായുള്ള 'നെൽക്കൃഷി വിദഗ്ധ സമിതി' പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

142 (1597) തെങ്ങുകൾ വെട്ടിമാറ്റുന്ന നടപടി

ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷം കേരളത്തിൽ നാളീകേര വികസന പരിപാടിയിലും രോഗ പ്രതിരോധ പരിപാടിയിലുംപ്പെടുത്തി വെട്ടിമാറ്റാൻ നിശ്ചയിക്കപ്പെട്ട തെങ്ങുകളുടെ എണ്ണം എത്രയായിരുന്നു;

(ബി) വെട്ടിമാറ്റിയവയുടെ എണ്ണം എത്ര;

(സി) വെട്ടിമാറ്റിയ തെങ്ങുകൾക്ക് പ്രതിഫലമായി നൽകിയ തുക എത്ര;

(ഡി) ഈ പദ്ധതി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) ഈ പദ്ധതിയ്ക്ക് ലഭിക്കുന്ന കേന്ദ്രസഹായങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 2,58,195 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2,24,019 തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.

(സി) 448.038 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി.

(ഡി) തല്ക്കാലം ഉദ്ദേശമില്ല.

(ഇ) കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 516.39 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

143 (1598) തെങ്ങിൻ തോപ്പുകളിലെ ഇടവിളകൾ

ശ്രീ. കെ. ബാബു:

ശ്രീ. കെ. മുഹമ്മദാലി:

ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങിൻ തോപ്പുകളിൽ എന്തെല്ലാം വൃക്ഷ സസ്യങ്ങൾ ഇടവിളയായി കൃഷി ചെയ്യുവാൻ കഴിയും;

(ബി) സുഗന്ധവിളകൾ, ഔഷധ സസ്യങ്ങൾ മുതലായവ തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുവാൻ കഴിയുമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പ്രചാരണം നടത്തിയിട്ടുണ്ടെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ തെങ്ങിൻ തോപ്പുകളിൽ കമുക്, കൊക്കോ, കുരുമുളക്, ഗ്രാമ്പു, ജാതി, വിവിധതരം ഫലവൃക്ഷങ്ങൾ പച്ചക്കറി ഇനങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്യുവാൻ കഴിയും.

(ബി) സാധിക്കുന്നതാണ്.

(സി) കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് കൃഷിക്കാരെ ബോധവാൻമാരാക്കാറുണ്ട്.

2) വിവിധ ചർച്ചാക്ലാസ്സുകൾ, ശില്പശാല, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് പ്രചരണം നടത്താറുണ്ട്.

3) വിവിധ പത്രങ്ങളിലെ കാർഷിക പംക്തികളിൽ കൂടിയും കാർഷിക വാരികകളിലെ ലേഖനങ്ങൾ മുഖേനയും ഇക്കാര്യത്തെ സംബന്ധിച്ച് കർഷകർക്ക് അറിവ് ലഭിക്കുന്നുണ്ട്.

4) ടെലിവിഷൻ, റേഡിയോ തുടങ്ങിയ ദൃശ്യ- ശ്രവ്യ മാധ്യമങ്ങളിൽക്കൂടി പ്രചരണം നടത്തുന്നു.

144 (1604) ഇ.ഇ.സി. സഹായത്തോടെ നടപ്പാക്കിവരുന്ന കെ.എച്ച്.ഡി.പി. യുടെ കാലാവധി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ഇ.സി. സഹായത്തോടെ നടപ്പാക്കി വരുന്ന കെ.എച്ച്.ഡി.പി. യുടെ കാലാവധി കരാർ അനുസരിച്ച് എന്നാണ് പൂർത്തിയാക്കുന്നത്;

(ബി) എത്ര വർഷത്തേയ്ക്കായിരുന്നു കരാർ; എത്ര കോടി രൂപയുടെ വായ്പയുണ്ട്; എത്ര രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്; കേരള സർക്കാർ നാളിതുവരെ എത്ര കോടി രൂപ നൽകിയിട്ടുണ്ട്;

(സി) കെ.എച്ച്.ഡി.പി. യിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ്; ഇവർക്ക് എന്ത് ശമ്പളം നൽകുന്നുണ്ട്; ഓരോരുത്തരുടെയും തസ്തികയും അവർക്കു ലഭിച്ചുവരുന്ന ആകെ ശമ്പളവും എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നവർ എത്ര പേരുണ്ട്; അവർക്ക് ഓരോരുത്തർക്കും നൽകുന്ന ശമ്പളം എത്ര വീതം ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 31.12.1999 - ൽ

(ബി) ഏഴു വർഷത്തേയക്ക്. മൊത്തം പദ്ധതി അടങ്കൽ 131.45 കോടി രൂപയാണ്. ഇതിൽ 102.54 കോടി രൂപ ഇ.ഇ.സി ഗ്രാന്റായി കേന്ദ്രസർക്കാരിനു നൽകുന്നു. 28.91 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്. കേരള സർക്കാർ നാളിതുവരെ 67.54 കോടി രൂപ പ്രോഗ്രാമിനു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly